## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 6673 01.11.2011 ൽ മറുപടിക്ക്

### ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. *വി. ശശി* | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കിഴുവിലം . അഴൂർ, മുദാക്കൽ, മംഗലപുരം, കഠിനംകുളം എന്നീ പഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | നിലവിലുള്ള വക്കം അഞ്ചുതെങ്ങ് സമഗ്ര ശുദ്ധജല വിതരണ പദ്ധതിയിലൂടെ ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, കിഴുവിലം എന്നീ പഞ്ചായത്തുകളിലും അഴൂർ പഞ്ചായത്തിലെ മാടൻവിള ഭാഗത്തും ശുദ്ധജല വിതരണം നടത്തി വരുന്നു. കൂടാതെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളായ ഇളമ്പ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, മുദാക്കൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, മംഗലപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, കഠിനംകുളം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി എന്നിവയിലൂടെ മുദാക്കൽ, മംഗലപുരം, കഠിനംകുളം എന്നീ പഞ്ചായത്തുകളിൽ ഭാഗികമായും ജല വിതരണം നടത്തുന്നുണ്ട്. |
| (ബി) | നിലവിലുള്ള സംവിധാനം അപര്യാപ്തമായതിനാൽ ഈ എട്ടു പഞ്ചായത്തുകളിലും കടുത്ത ജലക്ഷാമം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | എങ്കിൽ, ഇത് പരിഹരിക്കുന്നതിനായി ഏതെല്ലാം ജല സംഭരണ വിതരണ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും അത് ഏതെല്ലാം പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുതകുമെന്നും , അവ എന്നു മുതൽ പ്രവർത്തന സജ്ജമാകുമെന്നും വ്യക്തമാക്കുമോ ? | (സി) | പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.<br>1. <u>സ്പാൻ പദ്ധതി അഴൂർ, കിഴുവിലം, കീഴാറ്റിങ്ങൽ വില്ലേജുകൾക്കു വേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതി.</u><br><br>നബാർഡിൻെറ സാമ്പത്തിക സഹായത്തോടെ സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1894.99 ലക്ഷം രൂപായുടെ ഭരണാനുമതിയിൽ |

അഴൂർ, കീഴുവിലം, കടയ്ക്കാവൂർ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന ഈ കുടിവെള്ള പദ്ധതി യുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2009ൽ ആരംഭിച്ചു. ഈ പദ്ധതി യുടെ ഭാഗമായിട്ടുള്ള വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്ത നങ്ങൾ അവസാന ഘട്ടത്തിലാണ്.

പദ്ധതി 2012 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(2) ഇടയ്ക്കോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി

ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി യിൽ ഉൾപ്പെടുത്തി 771.39 ലക്ഷ ത്തിൻെറ ഭരണാനുമതിയിൽ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഈ പദ്ധതി ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിലെ മുദാക്കൽ (ഭാഗികം) മംഗലപുരം എന്നീ പഞ്ചായക്കുകൾക്കു കൂടി പ്രയോജനം ലഭിക്കത്തക്ക വിധ മാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കു ന്നത്. ഈ പദ്ധതിയുടെ പൊതു ഘടകങ്ങളുടെ നിർമ്മാണ പ്രവർത്ത നങ്ങൾ അവസാന ഘട്ടത്തിലാണ്. എന്നാൽ ഫണ്ടിൻെറ അപര്യാപ്തത മൂലം സ്വതന്ത്ര ഘടകമായ ജല വിതരണ ശൃംഖലയുടെ പണി എസ്.എൽ.എസ്.എസ്.സി. 2010 ൽ ഉൾപ്പെടുത്തി അംഗീകാരം നൽകി യിട്ടുണ്ട്.

(3) കഴക്കൂട്ടം മേനംകുളം വില്ലേജുകൾക്ക് വേണ്ടിയുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി

ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി യിൽ ഉൾപ്പെടുത്തി 382.47 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഈ പദ്ധതി ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കഠിനം കുളം പഞ്ചായത്തിനുകൂടി പ്രയോ ജനം ലഭിക്കത്തക്ക വിധമാണ്

വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള പൊതു ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം സ്വതന്ത്ര ഘടകമായ ജല വിതരണ ശൃംഖലാ പണിയുടെ എസ്റ്റിമേറ്റ് എസ്.എൽ. എസ്.എസ്.സി. 2010 ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ